(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ഉൾക്കൊള്ളിച്ചുകൊണ്ട് 29-10-2005-ൽ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. ബന്ധപ്പെട്ട സി. ഡി. ഫയലുകൾ 16-11-2005-ൽ സി.ബി.ഐ.ക്ക് കൈമാറിയിട്ടുണ്ട്. സി.ബി.ഐ.യിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

യാചക നിരോധനം കർശനമാക്കാൻ നടപടി

109 [865] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ ഉപയോഗിച്ച് ഭിക്ഷാടനം നടത്തുന്ന മാഫിയാ സംഘങ്ങളെപ്പറ്റി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 24 അനുസരിച്ച് കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നവർ ശിക്ഷാർഹമായ കുറ്റമാണ് ചെയ്യുന്നത്. അത്തരക്കാരെ വാറണ്ടില്ലാതെ തന്നെ അറസ്റ്റു ചെയ്ത് മേൽ നടപടികൾ സ്വീകരിക്കുവാൻ ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 27 പ്രകാരം പോലീസിന് അധികാരമുണ്ട്. ഇതനുസരിച്ച് ഇത്തരക്കാരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

ദാവോസ് സമ്മേളനത്തിൽ മുഖ്യമന്ത്രിയോടൊപ്പം പങ്കെടുത്തവർ

110 [866] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിറ്റ്സർലാന്റിലെ ദാവോസിൽ നടന്ന സമ്മേളനത്തിൽ മുഖ്യമന്ത്രിയോടൊപ്പം പങ്കെടുത്തവർ ആരെല്ലാമാണ്;

(ബി) സൗദി സംഘവുമായി സ്വിറ്റ്സർലാന്റിലെ ദാവോസിൽ മുഖ്യമന്ത്രി ചർച്ച നടത്തിയിരുന്നോ;

(സി) എന്ത് കാര്യമാണ് ചർച്ച നടത്തിയത്;

(ഡി) കേരള സർക്കാരിന്റെ ഏതെല്ലാം സംരംഭങ്ങളിൽ കൊച്ചിയിലെ മേത്തർ കൺസ്ട്രക്ഷൻ ഉടമയായ ഷാഹിമേത്തർ പങ്കെടുക്കുന്നുണ്ട്. ഇദ്ദേഹത്തിന് സംസ്ഥാന സർക്കാരോ സർക്കാരുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങളോ എന്തെങ്കിലും ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly